**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1371** **14-03-2022 - ൽ മറുപടിയ്ക്ക്**

**വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി വിനിയോഗിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | **null**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | 2016 മെയ് മുതൽ 2022 ജനുവരി വരെയുള്ള കാലയളവിൽ സർക്കാർ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി എത്ര തുക വിനിയോഗിച്ചു; എത്ര പുതിയ സ്കൂൾ കെട്ടിടങ്ങൾ പൂർത്തിയായി; നിർമ്മാണം നടന്നു വരുന്നത് എത്ര; വ്യക്തമാക്കാമോ; | (എ) | 2016-2022 ജനുവരി വരെ സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 84686.46 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തന ങ്ങൾക്ക് ഭരണാനുമതി നൽകിയി ട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിച്ച് 587 സ്കൂളുകളിൽ കെട്ടിട നിർമ്മാണം പൂർത്തിയാക്കുകയും 779 സ്കൂളുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുകയും ചെയ്യുന്നുണ്ട്. |
| (ബി) | പ്രസ്തുത കാലയളവിൽ സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളിൽ ഹൈടെക്ക് സൗകര്യം ഏർപ്പെടുത്തുന്നതിനായി വിതരണം ചെയ്ത ഇലക്ട്രോണിക്സ് ഉപകരണങ്ങൾ എന്തൊക്കെ; കണക്കുകൾ ലഭ്യമാക്കാമോ; ഇതിനുവേണ്ടി ആകെ ചെവഴിച്ച തുകയുടെ വിവരങ്ങൾ ലഭ്യമാക്കാമോ? | (ബി) | പൊതുവിദ്യാലയങ്ങളുടെ ഐ.ടി ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പി ക്കുന്നതിന് എട്ടുമുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളുള്ള 4752 സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഹൈടെക് സ്കൂൾ പദ്ധതിയും, ഒന്നു മുതൽ ഏഴുവരെ ക്ലാസ്സുകളുള്ള 11,257 സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഹൈടെക് ലാബ് പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ ഭാഗമായി 16009 സ്കൂളുകളിലായി 1,19,051 ലാപ്ടോപ്പ്, 69,955 പ്രോജക്ടർ, 43,250 പ്രോജക്ടർ മൗണ്ടിംഗ് കിറ്റ്, 23098 സ്ക്രീൻ, 4545 നാല്പത്തിമൂന്ന് ഇഞ്ച് ഫുൾ എച്ച്.ഡി, എൽ.ഇ.ഡി ടെലിവിഷൻ, 4609 മൾട്ടി ഫങ്ഷൻ പ്രിന്റർ, 4578 ഡി.എസ്.എൽ.ആർ ക്യാമറ, 4720 ഫുൾ എച്ച്.ഡി വെബ്ക്യാം 1,00,439 യു.എസ്.ബി സ്പീക്കർ എന്നിവ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ഡിജിറ്റൽ പഠനവിഭവങ്ങളും അധ്യാപകർ, രക്ഷിതാക്കൾ, വിദ്യാർത്ഥികൾ എന്നിവർക്ക് പ്രത്യേക പരിശീലനവും നൽകിയിട്ടുണ്ട്. ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികൾക്കായി 611.7302 കോടി രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ